**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2631** **02-08-2021 - ൽ മറുപടിയ്ക്ക്**

**മരംമുറിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മരംമുറിയുമായി ബന്ധപ്പെട്ട ഫയലിൽ പ്രതികൂലമായി നോട്ടെഴുതിയ ഉദ്യോഗസ്ഥക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ പ്രസ്തുത ഉദ്യോഗസ്ഥയെ ഉന്നത വിദ്യാഭ്യാസ വകുപ്പിലേക്ക് സ്ഥാലം മാറ്റുകയോ ചെയ്തിരുന്നോ; | (എ) | മരംമുറിയുമായി ബന്ധപ്പെട്ട ഫയലിൽ നോട്ടെഴുതിയ ഉദ്യോഗസ്ഥക്കെതിരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. സെക്രട്ടേറിയേറ്റിലെ ജീവനക്കാരുടെ സ്ഥലം മാറ്റം നടത്തിയ അവസരത്തിൽ പ്രസ്തുത ഉദ്യോഗസ്ഥയെ ഉന്നതവിദ്യാഭ്യാസ വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. |
| (ബി) | മരം മുറി സംബന്ധിച്ച ഉത്തരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരാവകാശ രേഖയിലൂടെ വെളിപ്പെട്ടതാണോ പ്രസ്തുത ഉദ്യോഗസ്ഥയ്ക്കെതിരെ ഇപ്രകാരം നടപടിയെടുക്കാൻ കാരണമെന്ന് അറിയിയ്ക്കാമോ; | (ബി) | അല്ല. |
| (സി) | റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശ നിയമം 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ ഉദ്യോഗസ്ഥയെ റവന്യൂ വകുപ്പിൽ നിന്നും മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | പൊതുഭരണ വകുപ്പിൽ സാധാരണയായി നടത്തുന്ന സ്ഥലംമാറ്റത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച ഉത്തരവിലൂടെ പ്രസ്തുത ഉദ്യോഗസ്ഥയെ റവന്യൂ വകുപ്പിൽ നിന്നും മാറ്റി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ